*"ഭരണഭാഷ മാതൃഭാഷ"*

നം.കമ്പ്യൂട്ടർ/32373/2017/ഡി.ഇ.എസ്

സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി 08/06/2017

## സർക്കുലർ

വിഷയം : കമ്പ്യൂട്ടർ വിഭാഗം – സമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള ഔദ്യോഗിക ഇമെയിൽ സംവിധാനം – ഉപയോഗിക്കുന്നത് സംബന്ധിച്ച്.

സൂചന :
1) 09/05/2017 തീയതിയിൽ കമ്പ്യൂട്ടർ വിഭാഗത്തിൽ നിന്നും ഡയറക്ടറേറ്റിലെ ഓഫീസർമാർക്കും ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും നൽകിയിട്ടുള്ള ഇമെയിൽ സന്ദേശം.
2) 12/05/2017 തീയതിയിലെ ഡയറക്ടർ ജനറലിന്റെ ഇതേ നമ്പർ കുറിപ്പ്.

സൂചന (1) പ്രകാരം വകുപ്പിലെ ഓഫീസർമാർക്കും സെക്ഷൻ ഹെഡുകൾക്കും, ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫിസർമാർക്കും നിലവിലുള്ള gmail account- ന് പകരം ഗവർൺമെന്റ് ഡോമൈനിൽ ഔദ്യോഗിക ഇമെയിൽ ഐഡി രൂപികരിക്കുകയും ഐ.റ്റി.മിഷനിൽ നിന്ന് ലഭിച്ച പുതിയ ഇമെയിൽ ഐഡിയുടെ വിവരങ്ങൾ മേൽ സൂചന പ്രകാരം ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരെയും, ജില്ലയിലെ ഡി.ഡി.മാരെയും അറിയിച്ചിട്ടുള്ളതാണ്. ഓരോ ഉദ്യോഗസ്ഥർക്കും ലഭിച്ചിട്ടുള്ള ഇമെയിൽ ഐ.ഡിയും ഉപയോഗിക്കുന്നതിനുള്ള പാസ്-വേർഡും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ ഇമെയിൽ ഐഡി രൂപികരിക്കുന്നതിന് നൽകിയിട്ടുള്ള മൊബൈൽ നമ്പറിൽ എസ്.എം.എസ് ആയി 09/05/2017-ൽ എൻ.ഐ.സി.യിൽ നിന്നും നൽകിയിട്ടുണ്ട്. https://mail.gov.in എന്ന വെബ് സൈറ്റിൽ മേൽ പറഞ്ഞ ഇമെയിൽ ഐഡി (@kerala.gov.in) ഉപയോഗിക്കുന്നതിനുള്ള സംവിധാനം ലഭ്യമാണ്.

എന്നാൽ ഇനിയും പല ഉദ്യോഗസ്ഥരും ഈ സംവിധാനം ഉപയോഗിക്കാതെയും, കൂടാതെ ചില ഉദ്യോഗസ്ഥർ പുതിയ ഇമെയിൽ ഐഡി ഇതുവരെയും രജിസ്റ്റർ ചെയ്യാത്തതായും കാണുന്നു. ആയതിനാൽ ഔദ്യോഗിക ആവശ്യങ്ങൾക്ക് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ചേർന്നു ഏർപ്പെടുത്തിയിട്ടുള്ള, മേൽ പറഞ്ഞ ഔദ്യോഗിക ഇമെയിൽ സംവിധാനം നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്.

**ഡയറക്ടർ ജനറൽ**

ഡയറക്ടർ എസ്.ഡി.പി
ഡയറക്ടർ എസ്.ഡി.ആർ.ടി
എല്ലാ അഡീഷണൽ ഡയറക്ടർമാർക്കും
എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ സെക്ഷൻ മേധാവികൾക്കും
എല്ലാ ജില്ലാ ഡി.ഡി മാർക്കും
എല്ലാ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാർക്കും

പകർപ്പ്

ഡയറക്ടർ ജനറലിന്റെ സി.എ
വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.